(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഏതെല്ലാം പെൻഷനുകളാണ് നൽകിവരുന്നത്;

(ബി) ഇത്തരം പെൻഷനുകൾക്ക് ഏത് വർഷം വരെയുള്ള കുടിശ്ശികയുണ്ട്;

(സി) ഏത് വർഷം വരെ അപേക്ഷിച്ചവർക്കാണ് പെൻഷൻ അനുവദിച്ചത്;

(ഡി) അതിനുശേഷം ഇത്തരം പെൻഷനുകൾക്കുവേണ്ടി അപേക്ഷിച്ചവരുടെ എണ്ണമെത്രയാണ്; അവർക്ക് പെൻഷൻ അനുവദിക്കാതിരിക്കാനുള്ള കാരണമെന്താണ്;

(ഇ) ഈ അപേക്ഷകളിൽ ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം അപേക്ഷകളിൽ പെൻഷൻ അനുവദിക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ.

(ബി) — (ഇ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**കുടുംബശ്രീ പദ്ധതി**

67 [155] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി*
*ശ്രീ. സ്റ്റീഫൻ ജോർജ്ജ്:*
*,, ജോസഫ് എം. പുതുശ്ശേരി:*
*,, തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പദ്ധതിപ്രകാരം ഇതുവരെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു;

(ബി) ഇപ്പോൾ ഇതനുസരിച്ച് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ഏതെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) 4,62,326 പേർക്ക് (31-10-2004 വരെ) തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) കുടുംബശ്രീയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. നഗരപ്രദേശം: സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (കേന്ദ്രാവിഷ്കൃത പദ്ധതി) യുടെ ഉപപദ്ധതികളായ (1) അർബൻ സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം (USEP) (2) ഡെവലപ്മെന്റ് ഓഫ് വിമെൻ ആന്റ് ചിൽഡ്രൺ ഇൻ അർബൻ ഏരിയ (3) അർബവേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം (UWEP).
2. ഗ്രാമപ്രദേശം: (1) കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ: (i) വ്യക്തിഗത സംരംഭങ്ങൾ (ii) ഗ്രൂപ്പ് സംരംഭങ്ങൾ. (2) ലീസ് ലാന്റ് ഫാമിംഗ്.

(സി) 50,000 അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി പുതുതായി ആരംഭിച്ചിട്ടുണ്ട്.

**കുടുംബശ്രീ പദ്ധതിയിലൂടെ യുവതീ-യുവാക്കൾക്ക് തൊഴിൽ അവസരം**

68 [156] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പദ്ധതിയിലൂടെ 50,000 യുവതീ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചത് എപ്പോഴാണ്;

(ബി) ഈ ആവശ്യത്തിനായി സംസ്ഥാന ഗവൺമെന്റ് ബജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(സി) കേന്ദ്ര ഗവൺമെന്റിൽ ഇതിനായി കഴിഞ്ഞ ഗവൺമെന്റ് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എത്ര രൂപയ്ക്കുള്ള പ്രോജക്ടാണ് സമർപ്പിച്ചത്;

(ഇ) കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം അനുവദിച്ചിട്ടുണ്ടോ;

(എഫ്) ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly